**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2288

18.06..2014-ലെ മറുപടിയ്ക്ക്

# മന്തുരോഗ നിവാരണം.

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. ടി.എം. തോമസ് ഐസക്ക്<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മന്തുരോഗ നിവാരണ പരിപാടിയുടെ പുരോഗതി വിലയിരുത്തിയിരുന്നോ; | (എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സമൂഹ ചികിൽസാ പരിപാടിക്ക് മുൻപായി എല്ലാ വർഷവും രാത്രികാല രക്ത പരിശോധന നടത്തി മന്ത് രോഗ വ്യാപനത്തെ സംബന്ധിച്ച് സർവ്വെ നടത്താറുണ്ട്. ഇതിനുപുറമേ എല്ലാ മാസവും ഡി.വി.സി യൂണിറ്റ് വിവിധ സ്ഥലങ്ങളിൽ രക്ത പരിശോധന നടത്താറുണ്ട്. ഇവ രണ്ടിന്റെയും അടിസ്ഥാനത്തിൽ മന്തുരോഗ നിവാരണ പരിപാടിയുടെ പുരോഗതി വിലയിരുത്തുന്നു. |
| ബി) പരിപാടിയുടെ ഭാഗമായി ലക്ഷ്യമിട്ടിരുന്ന എല്ലാവർക്കും ഗുളിക എത്തിച്ചു നല്കിയിരുന്നോ ; | (ബി) എല്ലാവർക്കും നൽകാനുള്ള ഗുളികകൾ എല്ലാ ജില്ലകളിലും എത്തിച്ചിരുന്നു. 80% ത്തോളം പേർക്ക് ഗുളിക എത്തിച്ചതായാണ് ജില്ലകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (സി) മുൻ വർഷങ്ങളിലേതുപോലെ തന്നെ ഈ വർഷവും പരിപാടി ലക്ഷ്യം കാണാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ; | (സി) വിലയിരുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജിലെ സി.എം. വിഭാഗം വഴി നടത്തിയ ഇവാല്യുയേഷൻ സർവ്വെയിൽ ആളുകൾ ഗുളിക കഴിക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കാരണങ്ങൾ താഴേ പറയുന്നവയാണ്.<br>1. ഗുളികയുടെ പാർശ്വഫലങ്ങളെപ്പറ്റിയുള്ള ആശങ്ക.<br>2. എനിക്ക് മന്തില്ല. പിന്നെ ഞാനെന്തിന് കഴിക്കണം എന്ന സംശയം.<br>3. മറ്റ് ഗുരുതരമായ രോഗങ്ങൾ ഉള്ള കാരണത്താൽ<br>4. അജ്ഞത മൂലം<br>5. പ്രത്യേകിച്ച് ഒരു കാരണവും ഇല്ലാതെ |

| | |
|---|---|
| (ഡി) ഈ പരിപാടി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പരിപാടിയുടെ ഭാഗമായി മരുന്നു കഴിച്ചവരെ അത് എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ? പഠനത്തിന് ശേഷം മരുന്ന് വിതരണം നടത്തുമോ? | (ഡി) ഈ പരിപാടി ഇനിയും തുടരാനാണ് ഉദ്ദേശിക്കുന്നത്. മന്ത് രോഗ വ്യാപനം വളരെയേറെ കുറഞ്ഞ് അഞ്ച് ജില്ലകളിൽ ഐ. സി. റ്റി കാർഡ് ഉപയോഗിച്ചുള്ള ടെസ്റ്റ് നടത്തിയതിനുശേഷം ആവശ്യമെങ്കിൽ വീണ്ടും മരുന്ന് വിതരണം നടത്തുന്നതാണ്. മറ്റ് ആറ് ജില്ലകളിൽ വരും വർഷവും ഗുളിക വിതരണം തുടരാനാണ് ഉദ്ദേശിക്കുന്നത്. മരുന്ന് കഴിച്ചവരെ എങ്ങനെ ബാധിക്കുമെന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും പഠനങ്ങൾ നടത്തിയിട്ടുണ്ട്. മരുന്ന് കഴിച്ചവരിലെ രക്തത്തിൽ കാണുന്ന മൈക്രോഫൈലേറിയ എന്ന മന്ത് വിര കുഞ്ഞുങ്ങൾ രോഗ സംക്രമണം സാദ്ധ്യമാകാത്ത വിധം നശിച്ച് പോകുന്നതായാണ് കണ്ടിരുന്നത്. ഇത്തരം പഠനങ്ങൾ കേരളത്തിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ